# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.11.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ദേശീയഗീതമായ വന്ദേ മാതരം150-ൻറെ നിറവിൽ; ഒരു വർഷം നീളുന്ന വാർഷികാഘോഷ പരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിക്കും.

   **On the occasion of the 150th anniversary of the national song Vande Mataram, Prime Minister Narendra Modi will inaugurate year-long celebrations in New Delhi today.**

2. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിലെ ആദ്യ ഘട്ട വോട്ടെടുപ്പിൽ 64.66 ശതമാനം പോളിംഗ്; രണ്ടാം ഘട്ട വോട്ടെടുപ്പ് ചൊവ്വാഴ്ച.

   **In the first phase of the Bihar Assembly elections, a voter turnout of 64.66% was recorded; the second phase of polling will be held on Tuesday.**

3. രാജ്യത്തെ ബാങ്കുകൾ ലോകോത്തര നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുന്നതായി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.

   **Finance Minister Nirmala Sitharaman calls for developing world-class banks in the country.**

4. കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായുള്ള എന്യൂമെറേഷൻ ഫോം വിതരണത്തിന് ജനങ്ങളിൽ നിന്ന് മികച്ച സഹകരണം ലഭിക്കുന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ.

**The Chief Electoral Officer Kerala stated that there has been excellent public cooperation in the distribution of enumeration forms as part of the special intensive revision.**

5. അർബുദത്തെകുറിച്ചുള്ള അവബോധം വളർത്തുകയെന്ന സന്ദേശവുമായി ഇന്ന് ദേശീയ കാൻസർ ബോധവത്കരണ ദിനം.

**With the message of spreading awareness about cancer ,National Cancer Awareness Day is being observed today.**

6. ഇന്ത്യൻ ഹോക്കിയുടെ 100-ാം വാർഷികത്തോടനുബന്ധിച്ച് രാജ്യമെമ്പാടും ഇന്ന് വിപുലമായ ആഘോഷങ്ങൾ.

**Nationwide celebrations will commence today to commemorate 100 glorious years of Indian Hockey.**

*****************************************

## PM VANDEMATARAM (INTRO)

ദേശീയഗീതമായ വന്ദേമാതരത്തിൻറെ 150-ാം വാർഷികാഘോഷങ്ങളിലേക്ക് രാജ്യം. ഒരു വർഷം നീളുന്ന പരിപാടികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. വിശദാംശങ്ങളിലേക്ക്.....

(വോയിസ്)

## PM VANDEMATARAM (VOICE)

ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് പ്രചോദനം നൽകുകയും രാജ്യത്തിൻറെ അഭിമാനവും ഐക്യവും ഉയർത്തിക്കാട്ടുകയും ചെയ്ത കാലാതീത രചനയാണ് വന്ദേ മാതരം. വന്ദേമാതരത്തിന്റെ 150-ാം വാർഷിക ചരിത്രത്തെക്കുറിച്ചുള്ള ക്യൂറേറ്റഡ് എക്സിബിഷൻ, ഹ്രസ്വ ഡോക്യുമെന്ററി പ്രദർശനം, സ്മാരക സ്റ്റാമ്പും നാണയവും പുറത്തിറക്കൽ എന്നിവയും ഇതോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്. വന്ദേമാതരം തലമുറകളെ പ്രചോദിപ്പിക്കുകയും ദേശസ്നേഹത്തെ ജ്വലിപ്പിക്കുകയും ചെയ്യുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. (വോയിസ്)

1875 നവംബർ 7 ന് അക്ഷയ നവമി ദിനത്തിൽ ബങ്കിംചന്ദ്ര ചാറ്റർജിയാണ് വന്ദേമാതരം രചിച്ചത്. ആനന്ദമഠം എന്ന നോവലിന്റെ ഭാഗമായി ബംഗദർശൻ എന്ന സാഹിത്യ ജേണലിലാണ് വന്ദേമാതരം ആദ്യമായി പ്രസിദ്ധീകരിച്ചത്. ന്യൂസ് ഡെസ്ക് ആകാശവാണി..................

************************************

## VANDEMATARAM– PROGRAMMES

വന്ദേ മാതരത്തിൻറെ 150 -ാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി രാജ്യമെമ്പാടും വിപുലമായ പരിപാടികളാണ് സംഘടിപ്പിച്ചിരിക്കുന്നത്. പൊതുസ്ഥലങ്ങളിലും, കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിൻ്റെ നേതൃത്വത്തിൽ വിവിധ സർക്കാർ സ്ഥാപനങ്ങളിലും "വന്ദേമാതരം" ഇന്ന് കൂട്ടത്തോടെ ആലപിക്കും.

ന്യൂനപക്ഷ കാര്യ മന്ത്രാലയം ന്യൂഡൽഹിയിലെ പണ്ഡിറ്റ് ദീൻദയാൽ അന്ത്യോദയ ഭവനിൽ പ്രത്യേക പരിപാടി സംഘടിപ്പിക്കും. കേന്ദ്രമന്ത്രി കിരൺ റിജിജു, കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. കേരളത്തിൽ ബി ജെ പിയുടെ നേതൃത്വത്തിൽ നടക്കുന്ന വാർഷികാഘോഷ

പരിപാടികൾ പാർട്ടി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

***********************************

## BIHAR ELECTION

ബിഹാറിൽ നിയമസഭാ തിരഞ്ഞെടുപ്പിൻറെ ആദ്യ ഘട്ടത്തിൽ 64.66 ശതമാനം പോളിംഗ്. 18 ജില്ലകളിലെ 121 നിയോജകമണ്ഡലങ്ങളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ 1,314 സ്ഥാനാർത്ഥികളാണ് ജനവിധി തേടിയത്. സമാധാനപരവും സുതാര്യവുമായ രീതിയിൽ പോളിംഗ് നടന്നതിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ഉദ്യോഗസ്ഥരെ അഭിനന്ദിച്ചു. ആറ് രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധി സംഘം തിരഞ്ഞെടുപ്പ് പ്രക്രിയ നേരിൽ കണ്ട് മനസിലാക്കാൻ എത്തിയിരുന്നു.

***********************************

## BIHAR CAMPAIGN

രണ്ടാംഘട്ട ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി തുടരുന്നു. പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കൾ ഉൾപ്പടെ പ്രചാരണ രംഗത്ത് സജീവമാണ്. മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് ഔറംഗാബാദിലും ബാബുവയിലും തിരഞ്ഞെടുപ്പ് പ്രചാരണ റാലികളെ അഭിസംബോധന ചെയ്യും. ഈ മാസം 11 നാണ് രണ്ടാം ഘട്ട വോട്ടെടുപ്പ്. നവംബർ 14 നാണ് വോട്ടെണ്ണൽ.

***********************************

## MEA-BRIEFING

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അംഗോള - ബോട്സ്വാന സന്ദർശനം നാളെ ആരംഭിക്കും. അംഗോള പ്രസിഡൻറുമായി

രാഷ്ട്രപതി ഉഭയകക്ഷി ചർച്ചകൾ നടത്തുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു. ഈ മാസം 11 ന് അംഗോളയുടെ 50-ാം സ്വാതന്ത്ര്യ വാർഷികാഘോഷത്തിൽ ശ്രീമതി മുർമു പങ്കെടുക്കും.

************************************

## PM-VARANASI

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വാരാണസി സന്ദർശിക്കും. എറണാകുളം-ബെംഗളൂരു റൂട്ട് ഉൾപ്പടെയുള്ള നാല് പുതിയ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്യും. എറണാകുളം-ബെംഗളൂരു കൂടാതെ ബനാറസ്-ഖജുരാഹോ, ലഖ്നൗ-സഹരൻപൂർ, ഫിറോസ്പൂർ-ഡൽഹി വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകളാണ് പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യുക. എറണാകുളത്ത് നിന്നും ബെംഗളൂരു വരെയുള്ള യാത്ര സമയം 2 മണിക്കൂറിൽ അധികമാണ് കുറയുക.

************************************

## MEA THAILAND

തായ്‌ലന്റിലെ മേ സോട്ടിൽ സൈബർ തട്ടിപ്പ് കേന്ദ്രങ്ങളിൽ ജോലി ചെയ്തിരുന്നതായി ആരോപിക്കപ്പെടുന്ന 270 ഇന്ത്യൻ പൗരന്മാരെ ബാങ്കോക്കിലെ ഇന്ത്യൻ എംബസിയും ചിയാങ് മായി പ്രവിശ്യയിലെ ഇന്ത്യൻ കോൺസുലേറ്റും ചേർന്ന് തിരികെയെത്തിച്ചു. തായ്ലൻഡ് സർക്കാരിന്റെ പിന്തുണയോടെ ഇന്ത്യൻ വ്യോമസേനാ വിമാനങ്ങളിലാണ് ഇവരെ നാട്ടിലെത്തിച്ചത്. ഇതിൽ 26 പേർ സ്ത്രീകളാണ്. കുടിയേറ്റ നിയമങ്ങൾ ലംഘിച്ചതിന് തായ് അധികൃതർ അവരെ കസ്റ്റഡിയിലെടുക്കുകയായിരുന്നു. വിദേശ ജോലി വാഗ്ദാനങ്ങൾ സ്വീകരിക്കുന്നതിന് മുമ്പ് ആധികാരികത

പരിശോധിക്കണമെന്ന് ഇന്ത്യൻ എംബസി പൗരന്മാരോട് അഭ്യർത്ഥിച്ചു.

************************************

## NIRMALA SITHARAMAN (INTRO)

രാജ്യത്തെ ബാങ്കുകൾ ലോകോത്തര നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുന്നതായി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. മുംബൈയിൽ 12-ാമത് എസ്ബിഐ ബാങ്കിംഗ് ആൻഡ് ഇക്കണോമിക്സ് കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു ധനമന്ത്രി. പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങളുടെ ഗുണഫലങ്ങൾ എല്ലാ മേഖലകളിലും പ്രകടമാണെന്നും ശ്രീമതി നിർമ്മല സീതാരാമൻ പറഞ്ഞു.

(ഹോൾഡ്)

************************************

## SEBI – ONLINE INVESTIMENTS

വഞ്ചനാപരമായ നിക്ഷേപ പ്രവർത്തനങ്ങൾക്കായി പ്ലാറ്റ്ഫോമുകൾ ദുരുപയോഗം ചെയ്യുന്നതിനെതിരെ പ്രധാന സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളും, ഇന്റർനെറ്റ് സെർച്ച് എഞ്ചിൻ ദാതാക്കളും സുരക്ഷാ നടപടികൾ ശക്തിപ്പെടുത്തണമെന്ന് സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ. സെബിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് മാത്രമേ നിക്ഷേപ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രോത്സാഹിപ്പിക്കാൻ അനുവാദമുള്ളൂ എന്ന് ഉറപ്പാക്കാനും നിർദ്ദേശമുണ്ട്. സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പരിശോധിച്ചുറപ്പിക്കാനും ആധികാരിക ട്രേഡിംഗ് ആപ്പുകളിലൂടെ മാത്രം ഇടപാടുകൾ നടത്താനും സാധുതയുള്ള UPI

ഹാൻഡിലുകൾ ഉപയോഗിക്കണമെന്നും സെബി നിക്ഷേപകരോട് അഭ്യർത്ഥിച്ചു.

***********************************

## GST-TOURISM

വിനോദസഞ്ചാര മേഖലയ്ക്ക് പുത്തൻ ഉണർവ് പകർന്ന് ജി.എസ്.ടി ബചത് ഉത്സവ്. ഒരു രാത്രിക്ക് ഏഴായിരത്തി അഞ്ഞൂറ് രൂപയിൽ താഴെ നിരക്കുള്ള ഹോട്ടൽ മുറികളുടെ ജി.എസ്.ടി 5 ശതമാനമായി കുറച്ചു. നേരത്തെ, ഇവയ്ക്ക് 12 ശതമാനമായിരുന്നു നികുതി. 10-ൽ കൂടുതൽ പേർക്ക് ഇരിക്കാവുന്ന ബസുകളുടെ നികുതി 18 ശതമാനമായി കുറച്ചു.

***********************************

## NATIONAL CANCER AWARENESS DAY

ഇന്ന് ദേശീയ കാൻസർ അവബോധ ദിനം.

അർബുദത്തെകുറിച്ചുള്ള പൊതു അവബോധം വളർത്തുക, നേരത്തെയുള്ള രോഗ നിർണയം, എന്നിവയാണ് ദിനാചരണത്തിൻറെ ലക്ഷ്യം. കാൻസർ ചികിത്സയിൽ കാര്യമായ പുരോഗതിക്ക് വഴി തുറന്ന റേഡിയോ ആക്റ്റിവിറ്റിയെക്കുറിച്ചുള്ള ഗവേഷണം നടത്തിയ മേരി ക്യൂറിയുടെ ജന്മ വാർഷിക ദിനം കൂടിയാണ് ഇന്ന്.

***********************************

## SIR - CEO KERALA

എസ് ഐ ആർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ എന്യൂമെറേഷൻ ഫോം വിതരണത്തിൽ സമ്മതിദായകരിൽ നിന്ന് മികച്ച സഹകരണമാണ് ലഭിക്കുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. മൂന്നാം ദിവസമായ ഇന്നലെ വരെ ഏകദേശം 19 ലക്ഷത്തി 37,431 പേർക്ക് ഫോം വിതരണം ചെയ്തിട്ടുണ്ട്. എന്യൂമറേഷൻ ഫോം വിതരണത്തിൻ്റെ വേഗത കൂട്ടുന്നതിനായി രാത്രിയിലും ബി എൽ ഒ മാർ വീട്ടിലെത്തുന്ന " Night out with BLO- Democracy Never Sleeps എന്ന ക്യാമ്പയിൻ

ആരംഭിച്ചതായും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

**************************************

## GOVERNOR - KOZHIKODE

വികസിത ഭാരതത്തിൽ സാമ്പത്തിക വളർച്ചയ്ക്കൊപ്പം പ്രകൃതി സംരക്ഷണത്തിനും പ്രാധാന്യം നൽകണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ഏറ്റവും പ്രായം കുറഞ്ഞ പരിസ്ഥിതി പ്രവർത്തക കോഴിക്കോട് സ്വദേശി റൂഹി മൊഹ്സബ് , വിദ്യാലയങ്ങളേയും നാടിനേയും ഹരിതാഭമാക്കാൻ ലക്ഷ്യമിട്ട് ആവിഷ്കരിച്ച ട്രീ ബാങ്ക് നഴ്സറിയുടെ ഔപചാരിക ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. ആഗോള താപനം നേരിടുന്നതിന് മരങ്ങൾ അനുഗ്രഹമായി മാറുന്നതായും ഗവർണ്ണർ പറഞ്ഞു.

**************************************

## SOLAR NET METERING (INTRO)

സംസ്ഥാനത്ത് സൗരോർജ വൈദ്യുതിയുമായി ബന്ധപ്പെട്ട പുതിയ ബില്ലിങ് രീതികൾ ജനുവരി ഒന്നു മുതൽ നിലവിൽ വരും. പുതിയ പുനരുപയോഗ ഊർജ റഗുലേഷൻ പ്രാബല്യത്തിൽ വന്നതിൻറെ അടിസ്ഥാനത്തിലാണ് ബില്ലിങ് രീതി മാറുന്നത്.

ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി തയ്യാറാക്കിയ റിപ്പോർട്ട്.....

(വോയിസ്)

***********************************

## HOCKEY 100 YEARS

ഇന്ത്യൻ ഹോക്കിയുടെ 100-ാം വാർഷികത്തോടനുബന്ധിച്ച് ഇന്ന് രാജ്യമെമ്പാടും ആഘോഷങ്ങൾ നടക്കും. 550 ജില്ലകളിലായി 1,400 ലധികം ഹോക്കി മത്സരങ്ങൾ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കും. ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് നാഷണൽ സ്റ്റേഡിയത്തിൽ ഇന്ന് രാവിലെ 8.30 യുണിയൻ മിനിസ്റ്റേഴ്സ് ഇല്ലവനും ഹോക്കി ഇന്ത്യയുടെ മിക്സഡ് ഇല്ലവനും തമ്മിലുള്ള പ്രദർശന മത്സരം നടക്കും. തുടർന്ന് ഇന്ത്യയുടെ ഹോക്കി ഇതിഹാസങ്ങളെ ആദരിക്കും. ഇന്ത്യൻ ഹോക്കിയുടെ 100-ാം വാർഷികം എന്ന പുസ്തകം പ്രകാശനം ചെയ്യും.

**********************************************************************

***********************************